## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2771

14-02-2013-ലെ മറുപടിയ്ക്ക്

### തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ.പാലോട് രവി: | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്കായി 2012-13 പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15 ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 17-10-2012-ലെ സ.ഉ. (സാധാ) നം.1657/12/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പദ്ധതിക്ക് സ്കീമിന്റെ അംഗീകാരത്തിനു വിധേയമായി ടി തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കീമിന്റെ രൂപ രേഖ തയ്യാറാക്കുന്നതിന് സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദാംശങ്ങൾ എന്തെല്ലാം; | (ബി 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ടി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലുടമകൾ പാർപ്പിട സൗകര്യങ്ങൾ പ്രദാനം ചെയ്തിട്ടുള്ളത്. പല തോട്ടങ്ങളിലെയും തൊഴിലാളി ലയങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം വളരെ ശോചനീയമായ അവസ്ഥയിലാണ്. ഒരു തൊഴിലാളി കുടുംബത്തിന് തോട്ടത്തിൽ നിശ്ചിത അളവിലുള്ള വരാന്ത, കിടപ്പുമുറി, അടുക്കള, |

ശൗചാലയം എന്നീ സൗകര്യങ്ങളോടുകൂടിയ താമസ സൗകര്യം ഒരുക്കുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും പലപ്പോഴും തൃപ്തികരമായ താമസ സൗകര്യമല്ല തൊഴിലുടമകൾ നൽകിവരുന്നത്. മേൽ സാഹചര്യത്തിൽ സർക്കാർ സഹായത്തോടുകൂടി തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യമൊരുക്കി, ഇവരുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനും തോട്ടങ്ങളിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമാണ് ഈ പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏതെല്ലാം വിഭാഗം തോട്ടം തൊഴിലാളികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

(സി) തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിലെ തൊഴിലാളികളെയാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. ഈ പദ്ധതിക്കായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ